കൈത്തറിനെയ്ത്തു സഹകരണസംഘങ്ങൾ.

449. [23] ശ്രീ. പി. കെ. കുഞ്ഞച്ചൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സഭയം മറുപടി നൽകുമോ;

(എ) കൈത്തറിനെയ്ത്തു സഹകരണസംഘങ്ങൾ രജിസ്റ്റർചെയ്തു കൊടുക്കുന്നതിനു വളരെയധികം കാലതാമസം വരുന്നുണ്ടോ;

(ബി) ഇതിനകം എത്ര അപേക്ഷകൾ രജിസ്ട്രേഷനായി കിട്ടിയിട്ടുണ്ടു്; ഇവയിൽ എത്രയെണ്ണം രജിസ്റ്റർചെയ്തു കൊടുത്തിട്ടുണ്ടെന്നു പറയുമോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) കൈത്തറിനെയ്ത്തുസഹകരണസംഘങ്ങൾ രജിസ്റ്റർചെയ്തു കൊടുക്കുന്നതിനു സാധാരണയായി വളരെയധികം കാലതാമസം വരുന്നില്ല. കൂടുതൽ വസ്തുതകൾ ശേഖരിച്ചു് തീരുമാനം എടുക്കേണ്ടതായ ചുരുക്കം ചില അപേക്ഷകൾക്കു് കാലതാമസമുണ്ടാകുന്നുണ്ടു്. ഈ കാലതാമസം അനിവാര്യമാണു്. കഴിവതും കാലതാമസം ഒഴിവാക്കിയിട്ടുമുണ്ടു്.

(ബി) ഇതിനകം രജിസ്ട്രേഷനായി 234 അപേക്ഷകൾ ലഭിച്ചിട്ടുണ്ടു്. ഇവയിൽ 198 അപേക്ഷകൾ അനുവദിച്ചു് രജിസ്റ്റർ ചെയ്തു കൊടുത്തിട്ടുണ്ടു്.

ഹരിജന ഹോസ്റ്റലുകൾ.

450. [24] ശ്രീ. കുട്ടപ്പൻകോയിക്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സഭയം മറുപടി നൽകുമോ:

(എ) ഹരിജനവിഭാഗത്തിലെ കോളേജുവിദ്യാർത്ഥികൾക്കായി സംസ്ഥാനത്തു ഈ അദ്ധ്യയനവർഷത്തിൽ ഹരിജനഹോസ്റ്റലുകൾ തുടങ്ങുന്നതിനു പിന്നാക്കസമുദായ അഡ്വൈസറിക്കമ്മിറ്റി ഗവണ്മെന്റിനോടു ആവശ്യപ്പെട്ടിരുന്നോ;

(ബി) ആവശ്യപ്പെട്ടിരുന്നെങ്കിൽ എത്ര ഹരിജനഹോസ്റ്റലുകൾ സ്ഥാപിച്ചുവെന്നും അവ എവിടെല്ലാമാണെന്നും ഓരോന്നിലും എത്ര വിദ്യാർത്ഥികൾ വീതം ഉണ്ടെന്നും പറയുമോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) ആവശ്യപ്പെട്ടിരുന്നു.

(ബി) എറണാകുളത്തു് ഒന്നും തിരുവനന്തപുരത്തു രണ്ടുമായിട്ടു് മൂന്നു ഹരിജൻഹോസ്റ്റലുകൾ സ്ഥാപിച്ചിട്ടുണ്ടു്. എറണാകുളം ഹോസ്റ്റലിൽ 23-ും തിരുവനന്തപുരം ഹോസ്റ്റലുകളിൽ 18-ും 15-ും വീതവും വിദ്യാർത്ഥികൾ ഉണ്ടു്.

Standard Space allowed in Jail per convict.

451. [25] SHRI P. V. AVIRA THARAKAN: Will the Home Minister be pleased to state:

(*a*) the standard space of the floor allowed in the Central Jail per convict;

LIBRARY ARCHIVES Kerala Legislative Assembly